**റൂളിംഗ്**

<u>നിയമസഭാ ചട്ട ലംഘനം</u>

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ പ്രാരംഭ ദിവസമായ ഇന്നാണ് 2021-22 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവിധ സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നത്. രണ്ടാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ഇന്നുതന്നെ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചട്ടം 143(1)-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസം തന്നെയാണ് ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടത്തുന്നത്. അതുതന്നെയാണ് സഭയിലെ കീഴ്‌വഴക്കവും. ബഹുമാനപ്പെട്ട മന്ത്രിയും അക്കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ, 2021 ജൂലൈ 21-ാം തീയതി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന രണ്ടാം സമ്മേളനം ബലിപെരുന്നാൾ ദിനം മാറിവന്ന സാഹചര്യത്തിലാണ് കലണ്ടറിൽ മാറ്റം

വരുത്തി ഇന്ന് ചേരാൻ തീരുമാനിച്ചത് എന്ന വസ്തുത നമുക്കെല്ലാം അറിയാവുന്നതാണ്. അതുപോലെ, കോവിഡ് പശ്ചാത്തലത്തിൽ ചേരുന്ന സഭാ സമ്മേളന ദിനങ്ങളിൽ സാരമായിട്ടുള്ള മാറ്റങ്ങൾ വരുത്താൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. അപൂർവ്വമായിട്ടാണെങ്കിലും മുൻകാലങ്ങളിലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കപ്പെട്ട അതേദിവസം തന്നെ ധനാഭ്യർത്ഥനകളിന്മേൽ ചർച്ച ആരംഭിച്ച സന്ദർഭങ്ങൾ നമ്മുടെ സഭയിൽ ഉണ്ടായിട്ടുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1998 ജൂൺ 30-ാം തീയതി ഇങ്ങനെയൊരു നടപടി സഭയിൽ ഉണ്ടായിട്ടുള്ള കീഴ്‌വഴക്കവും നമ്മുടെ മുമ്പിലുണ്ട്. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കപ്പെട്ട ഇന്നേദിവസം നടക്കുന്ന ചർച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽവരുന്ന II, III എന്നീ ധനാഭ്യർത്ഥനകളിന്മേലാണ്. നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സൂക്ഷ്മപരിശോധനാ റിപ്പോർട്ട് പഠിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ മാത്രം മുൻകൂറായി ഇന്ന് രാവിലെ തന്നെ ബഹുമാനപ്പെട്ട അംഗങ്ങളുടെ

ഇരിപ്പിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട് എന്നുകൂടി അറിയിക്കുന്നു. അതിനാൽ, ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.